**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5915** 04.07.2019-ൽ മറുപടിക്ക്

**കാസർഗോഡ് ബൈപ്പാസിനുപകരം മറ്റ് പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ബൈപ്പാസിനു പകരം മറ്റ് പ്രവൃത്തികൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ 6/4/19-ലെ പിഎസ്2/30/2019/പിഡബ്ല്യുഡി കത്ത് പ്രകാരം ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ഇതിൻപ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) യും (സി) യും ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

'ഭരണഭാഷ-മാതൃഭാഷ'

നം.സി.ഇ/റോഡ്സ്/കെ.എസ്.ഡി/3437/2019.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്
നിരത്തു വിഭാഗം
തിരുവനന്തപുരം.
തീയതി. 29.06.2019.

പ്രേഷിതൻ
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
പൊതുമരാമത്ത് (പി.എസ്) വകുപ്പ്,
തിരുവനന്തപുരം

സർ,

വിഷയം:- പൊതുമരാമത്ത് വകുപ്പ് - കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കാസർഗോഡ് ബൈപ്പാസിനു പകരമായി മറ്റു പ്രവൃത്തികൾഅനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. 4.06.2019 തീയ്യതിയിലെ കത് നം. PWD-PS2/62/2019-PWD.

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഉദുമ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 55.27 കോടി രൂപ അനുവദിച്ചിരിന്നു. 4 കി.മി റോഡ് ഭൂമി അക്വയർ ചെയ്ത് ഏറ്റെടുത്ത് റോഡ് നിർമ്മിക്കുന്നതിനാണ് തുക അനുവദിച്ചിരുന്നത്. തുടക്കത്തിൽ നല്ല രീതിയിൽ സഹകരിച്ചിരുന്ന പ്രദേശവാസികൾ ഇപ്പോൾ പ്രസ്തുത പദ്ധതി ആവശ്യമില്ല എന്ന തീരുമാനത്തിലാണെന്നാണ് ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ ശ്രീ.കെ. കുഞ്ഞിരാമൻ അറിയിച്ചത്. ആയതിനാൽ മേൽ പ്രവൃത്തി റദ്ദു ചെയ്ത് മലയോര ജനതയ്ക്ക് ഗതാഗതയോഗ്യമായ വീതിയിലുള്ള റോഡ് ഇല്ലാതെ യാത്രാക്ലേശം അനുഭവിക്കുകയും ജനസാന്ദ്രത കൂടുതലുള്ളതുമായ പ്രദേശത്തു കൂടി കടന്നു പോകുകയും , നാഷണൽ ഹൈവേയും മലയോരഹൈവേയുമായി ജനങ്ങൾക്ക് ബന്ധപ്പെടുവാനും വളരെയധികം ഉപകാരപ്രദവുമായ താഴെ ചേർത്ത 4 റോഡുകൾ ഒരു പ്രത്യേക പാക്കേജ് ആയി ഉൾപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു. കൂടാതെ റോഡുകൾക്ക് ആവശ്യമായ സ്ഥലം ബേഡഡുക്ക ഗ്രാമ പഞ്ചായത്ത ഏറ്റെടുത്ത് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

1. ഉണ്ണുപ്പുംകല്ല്- കുണ്ടൂച്ചി-കുണ്ടംകുഴി റോഡ് ( 0/000- 10/000) 15 കോടി
2. തോരോത്ത്- മൂന്നാം കടവ് റോഡ് ( 0/000- 7/000)- 15 കോടി
3. ആലക്കോട്-പള്ളത്തിങ്കാൽ റോഡ്- ( 0/000- 5/000)- 10 കോടി
4. മക്കാളിപ്പാറ- ചാടകം-ചിറ്റപ്പൻകുണ്ട് വളവ് റോഡ്( 0/000- 8/000)- 15 കോടി

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ

എഫ്.സി.6

സെക്ഷൻ ഓഫീസർ